പി. എച്ച്. സി.കളിൽ രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടി

142 [1669] ശ്രീ. കളത്തിൽ അബ്ദുള്ള:
,, കെ. എൻ. എ. ഖാദർ:
,, ടി. പി. എം. സാഹിർ:
,, ചെർക്കളം അബ്ദുള്ള
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൻ കീഴിൽ എത്ര പി. എച്ച്. സി. കൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇതിൽ രോഗികളെ കിടത്തി ചികിൽസിക്കാൻ സൗകര്യമുള്ളവ എത്ര എണ്ണം;

(സി) ഈ സാമ്പത്തിക വർഷത്തിൽ എത്ര പി. എച്ച്. സി. കളിൽ രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യം നടപ്പിലാക്കിയെന്ന് വെളിപ്പെടുത്തുമോ;

(ഡി) രോഗികളെ കിടത്തി ചികിൽസിക്കുന്നതിന് സൗകര്യം ഉള്ള പി. എച്ച്. സി. കളിൽ ആവശ്യത്തിന് ഡോക്ടർമാരും, സ്റ്റാഫും ഇല്ലാത്തതുകൊണ്ട് രോഗികൾ ബുദ്ധിമുട്ടുന്നതായ പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) ഈ ബുദ്ധിമുട്ട് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 931 പി. എച്ച്. സി. കൾ

(ബി) 366 എണ്ണം

(സി) 61 സ്ഥാപനങ്ങൾ

(ഡി) ഉണ്ട്.

(ഇ) സ്വീകരിച്ചുവരുന്നു.

പ്രൈമറി ഹെൽത്ത് സെന്ററുകളിൽ കിടത്തി ചികിൽസിക്കുന്നതിന് നടപടി

143 [1670] പ്രൊഫസർ എ. ഡി. മുസ്തഫ:
ശ്രീ. കെ. യു. രാധാകൃഷ്ണൻ:
,, വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പ്രൈമറി ഹെൽത്ത് സെന്ററുകളാണ് ഉള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സെന്ററുകളിൽ രോഗികളെ കിടത്തി ചികിൽസിക്കുവാനുള്ള സൗകര്യമില്ലാത്തവയെത്ര;

(സി) അപ്രകാരമുള്ള സെന്ററുകളിൽ രോഗികളെ കിടത്തി ചികിൽസിക്കുവാനുള്ള സൗകര്യം ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്രയെണ്ണത്തിൽ ഇതിനുള്ള സൗകര്യം ഈ വർഷം തന്നെ ചെയ്യുവാനുദ്ദേശിക്കുന്നു; ഈ പ്രൈമറി ഹെൽത്ത് സെന്ററിൽ ഗോഗികളെ കിടത്തി ചികിൽസിക്കുവാനുള്ള സൗകര്യമുണ്ടാക്കുന്നതിന് എന്ത് തുക അധിക ചെലവ് വരും?

ഉത്തരം

(എ) 931

(ബി) 565

(സി) മേൽ പറഞ്ഞിരിക്കുന്ന 565 സ്ഥാപനങ്ങളും മിനി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളാണ്. മിനി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത് കെട്ടിടങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ച് കിടത്തി ചികിൽസാ സൗകര്യം അനുവദിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഡി) കിടത്തി ചികിൽസാ സൗകര്യം ഇല്ലാത്ത 57 സ്ഥാപനങ്ങളിൽ തസ്തികകൾ സൃഷ്ടിച്ച് കിടത്തി ചികിൽസാ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. കിടത്തി ചികിൽസാ സൗകര്യം ഏറ്റവും ചുരുങ്ങിയ നിലയിൽ 24 കിടക്കകളോടുകൂടിയ ഒരു പി. എച്ച്. സി. യിൽ പ്രവർത്തിപ്പിക്കുവാൻ മരുന്ന്, ജീവനക്കാരുടെ ശമ്പളം എന്നീ ആവർത്തന ചെലവിനത്തിൽ ഒരു കോടിയോളം രൂപയും, കെട്ടിടം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കായി ഉദ്ദേശം ഒരു കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നു.

ചെറുതന പി. എച്ച്. സി. യിലെ ഐ. പി. വാർഡ് പ്രവർത്തനവും നിയമനങ്ങളും

144 [1671] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ ചെറുതന പഞ്ചായത്ത് പി. എച്ച്. സി.യിലെ ഐ. പി. വാർഡ് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഐ. പി. വാർഡിന്റെ പ്രവർത്തനത്തിനായി ഏതൊക്കെ തസ്തികകളാണ് സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിൽ എത്തിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly